ഉത്തരം

(എ) ഉണ്ട്.

(ബി) 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ടിലെ സെക്ഷൻ '7 എ' വകുപ്പ് പ്രകാരം ഫുട്ബോൾ മേളയെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് നല്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ടിലെ സെക്ഷൻ '7 എ' പ്രകാരം സർക്കാരിന് ഒരു പൊതു ഉത്തരവ് വഴിയോ ഒരു പ്രത്യേക ഉത്തരവ് വഴിയോ ഏത് തരം വിനോദ പരിപാടിയേയും വിനോദനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകാവുന്നതാണ്. പ്രസ്തുത അധികാരം ഉപയോഗിച്ചാണ് സർക്കാർ വിനോദ നികുതിയിളവ് നല്കിയിട്ടുള്ളത്.

കൊച്ചി നഗരസഭയ്ക്ക് ഒരു മാസ്റ്റർ പ്ലാൻ

122 [1649] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയ്ക്ക് ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നതിന് സംസ്ഥാന ഗവൺമെന്റും നഗരസഭയും തമ്മിൽ ധാരണയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് സഹായമാണ് സംസ്ഥാന സർക്കാർ കൊച്ചി നഗരസഭയ്ക്ക് ഈ കാര്യത്തിൽ നൽകുന്നത് എന്ന് വിശദമാക്കാമോ;

(സി) എത്ര സമയംകൊണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ സാധിക്കുമെന്ന് പറയാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എന്തു സഹായം നൽകുമെന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(സി) ആറുമാസത്തിനകം തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

കൊച്ചി നഗരവികസനത്തിന് ഉന്നതതല സംവിധാനം

123 [1650] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിന്റെ സമഗ്രമായ വികസനത്തിന് ഉന്നതതല സംവിധാനം ഏർപ്പെടുത്തുമോ;

(ബി) എങ്കിൽ എന്തായിരിക്കും ഈ സംവിധാനം എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) തലസ്ഥാന വികസനപദ്ധതി ആവശ്യമായ മാറ്റങ്ങളോടെ കൊച്ചി നഗരത്തിലും നടപ്പിലാക്കുന്നതിനും കൊച്ചി നഗരത്തെ സാമ്പത്തിക വളർച്ചാ കേന്ദ്രമാക്കി മാറ്റിയെടുക്കുന്നതിനും, അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഒരു ഉന്നതതല സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറിയ സ്ഥാപനങ്ങൾ

124 [1651] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഏതൊക്കെ സ്ഥാപനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത് ;

(ബി) ഇങ്ങനെ കൈമാറിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേരിൽ സസ്പെൻഷൻ അടക്കമുള്ള ശിക്ഷണനടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് പ്രസിഡന്റിന് അധികാരമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ ജീവനക്കാർക്കെതിരെ ഗ്രാമപഞ്ചായത്തുകൾ സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഏതൊക്കെ ജീവനക്കാരെ സസ്പെന്റ് ചെയ്യുവാൻ തീരുമാനിക്കുകയും തീരുമാനം നടപ്പിലാവാതെ പോവുകയും ചെയ്തിട്ടുണ്ട് ;

(ഇ) ഇതിനെതിരെ ഏതെങ്കിലും കോടതി വിധികളുണ്ടോ ;

(എഫ്) അധികാര വികേന്ദ്രീകരണം ഫലവത്താക്കുവാൻ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം, ബന്ധപ്പെട്ട തദ്ദേശസ്ഥാപന കാര്യനിർവ്വഹണ അധികാരിയായ പ്രസിഡന്റിന് അംഗീകരിച്ച വർക്ക് ഡയറി ഹാജരാക്കിയാൽ മാത്രമേ മാറി നൽകുവാൻ പാടുള്ളൂവെന്ന് ട്രഷറി വകുപ്പിന് നിർദ്ദേശം നൽകുമോ ;

(ജി) അധികാരവികേന്ദ്രീകരണം അട്ടിമറിക്കുവാനുള്ള ചില ഉദ്യോഗസ്ഥന്മാരുടെ ശ്രമങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly